രം പ്രധാനം — ഇങ്ക്ലന്ത — സ്കൊത്ലന്ത ഈ രണ്ടിന്നും അതിരാകുന്നതു പെന്ത്
ലന്ത മല തന്നെ — അതിന്റെ അംശങ്ങൾ ഒരൊ പെരുകളെ ഉപദ്യുന്നു —
സ്കൊത്ലന്ത ദെശത്തിന്റെ നടുഅംശത്തിൽ തന്നെ ഗ്രമ്പ്യൻ മല ൪൦൦൦ കാ
ലടിയോളം ഉയൎന്നുനില്ക്കുന്നു — ഐരലന്ത ദ്വീപിൽ ലൊക്ക്വില്ദ മലവ
ടക്കെ അംശത്തിൽ വ്യാപിച്ചു കിടക്കുന്നു — ഉയരം ൩൦൦൦ കാലടി — നദിക
ളിൽ പ്രധാനമായവ തെക്കെ അംശത്തിൽ കിഴക്കോട്ടൊഴുകി ഇടക്കടലി
ൽ ചെരുന്ന തെമസും — ഷിൎമ്മലയിൽനിന്നു ജനിച്ചു ഗൎമ്മാന്യകടലിൽ
കൂടുന്ന ഹംബരും — സ്കൊത്തദെശത്തിന്നു അതിൎനദിയാകുന്ന ത്വീദും — വെ
ലസ് ദെശത്തിൽ നിന്നു തെക്കോട്ടൊഴുകി ബ്രിസ്തൽ പട്ടണസമീപ
ത്ത് സമുദ്രം പ്രാപിക്കുന്ന സെവരനും തന്നെ —

൯. സ്കന്തിനാവ്യ മലപ്രദെശം

യുരൊപഖണ്ഡത്തിന്റെ വടക്കെ അംശത്തിൽ ഗൎമ്മാന്യ-ബല്ത്യ കടലു
കളുടെയും അതലാന്തിക സമുദ്രത്തിന്റെയും നടുവിൽ സ്കന്തിനാവ്യ അ
ൎദ്ധദ്വീപു വടക്കു രുസ്യ രാജ്യത്തിന്റെ അതിരിൽനിന്നു തെക്കൊട്ടു
നീണ്ടുകിടക്കുന്നു- അതിന്റെ വടക്കെ അതിർ മുതൽ തെക്കെ അററ
ത്തൊളവും ഒരു തുടൎമ്മല വ്യാപിച്ചു അൎദ്ധദ്വീപിനെ ശ്വെദൻ-നൊ
ൎവ്വെ എന്നീ രണ്ടംശങ്ങളാക്കി ഏകദെശം ൫൦൦൦-൭൦൦൦ കാലടിയൊളം
ഉയൎന്നിരിക്കുന്നു- അതിന്റെ വടക്കെ അംശത്തിന്നു ലപ്പമലകൾ എ
ന്നും നടുവംശത്തിന്നു കിയൊലപൎവ്വതമെന്നും പെരുകൾ പറയുന്നു-
തെക്കെ അംശം പല ശാഖകളാക്കി നൊൎവ്വെ ദെശത്തിൽ നിറഞ്ഞു കി
ടക്കുന്നു- ഈ മലകളിൽനിന്നു അനെക നദികൾ ഉത്ഭവിച്ചു കിഴ
ക്കൊട്ടു ശ്വെദൻ രാജ്യത്തൂടെ ഒഴുകി ബല്ത്യ കടലിൽ ചെന്നു ചെരുന്നു-
അവററിൽ മുഖ്യമായതു ശ്വെദൻ ദെശത്തിന്റെ വടക്കെ അതിരായ
തൊൎന്നെ പുഴ തന്നെ- സ്കന്തിനാവ്യ അൎദ്ധദ്വീപിന്റെ കിഴക്കെ അം
ശം മിക്കതും താണ ഭൂമിയാകകൊണ്ടു പല സരസ്സുകൾക്കും ഇരിപ്പി
ടവുമാകുന്നു- പ്രധാനമായവ തെക്കെ അംശത്തിൽ ഇരിക്കുന്ന വെനർ-
വെത്തർ- മെലാർ ഈ മൂന്നു സരസ്സുകൾ അത്രെ-

---

*F. Müller, - Editor.*

## കെരളപഴമ

ലൊപുവസ്സ് മസ്കരെഞ്ഞാവെ പിഴുക്കിയതു.

അനന്തരം മസ്കരെഞ്ഞാ കിഴക്കെ ദ്വീപുകളിൽ ജയങ്ങളെ സമ്പാ
ദിച്ചു പുറപ്പെട്ടു മുമ്പെ കൊല്ലത്തിൽ എത്തിയപ്പൊൾ പറങ്കികൾ അ
വനെ ഉപരാജാവെന്നു കൈക്കൊണ്ടു — പിന്നെ കൊച്ചി
ക്കിൽ എത്തിയാറെ (൧൫൨൭ ഫെബ്രുവ) ഭണ്ഡാരപ്രമാണിയാ
യ മെഷിയ പടജ്ജനത്തെ അയച്ചു കടപ്പുറത്തിരുത്തി — ഞാൻ ഇ
രായിപ്പാൻ മാത്രം പള്ളിപ്രവെശിക്കട്ടെ എന്നു മസ്കരെഞ്ഞാ
അപെക്ഷിച്ചു നിരായുധനായി തൊണിക്കിൽ വന്നണഞ്ഞാറെ
മെഷിയ അവനെ ഒന്നു വെട്ടിച്ചു അവനും മുറിപ്പെട്ടു കപ്പൽ കെറി
ഗൊവക്കിലെക്ക ഒടി — അവിടെനിന്നു വസ്സ് അവനെ കാണാതെ
കണ്ണനൂൎക്ക ഒട്ടുവാൻ കല്പിച്ചു അവൻ വിരൊധം പറഞ്ഞാറെ ച
ങ്ങല ഇടുവിച്ചു കപ്പലെറി കണ്ണനൂർ തുറുങ്കിൽ അടെച്ചുവെ
പ്പിക്കയും ചെയ്തു — അവിടെ ഇടച്ചൽ വരന്നു മുഴുത്തപ്പൊൾ പ്ര
ഞ്ചിസ്കാന അടെസ്പൻ പള്ളിക്കിൽനിന്നു തന്നെ വസ്സിന്റെ
പക്ഷത്തെ ഉറപ്പിച്ചു മറുപക്ഷത്തെ ശപിക്കയും ചെയ്തു — എന്നാ
റെ പലൎക്കും ഇത സഹ്യം എന്നു തൊന്നി — വസ്സ് നടക്കുന്നത് എല്ലാം
സാഹസം അത്രെ എന്നു വെച്ചു മുമ്പെ കണ്ണനൂർ തലവന്മാർ എ
ല്ലാം മസ്കരെഞ്ഞാവെ തടവിൽനിന്നു വരുത്തി ഉപരാജാവെന്നു
മാനിച്ചു പള്ളിക്കിലും കൂടി അവനൊടു സത്യവും സമയവും ചെ
യ്തു കൊല്ലത്തിൽ കൂടി കാഴ്ചക്കാക്കി വരികയും ചെയ്തു — (ജൂലാ
യി) - ഒട്ടുക്കും കലശലും ദൂഷണവും നാടെങ്ങും മാനഹാനിയും
അധികം പെരുകി വന്നാറെ മഹാജനങ്ങൾ ഇരുവരും സമ

ദ്ധ്യസ്ഥരെക്കൊണ്ടു നടുപറയിക്കെണം എന്നു വെച്ചു കൊച്ചി
യിൽ കൂടി ഇരുപുറവും പലർ പടെക്കൊപ്പിട്ടും തൊക്കുകളെ
നിറെച്ചും പൊർവിളി കെൾപ്പിച്ചും പൊരുന്ന കാലം മദ്ധ്യസ്ഥർ പ
ള്ളിയിൽ കൂടി മിക്കവരും കൊച്ചിക്കാരെ ഭയപ്പെട്ടു വസ്സിന്നു
തന്നെ വാഴുവാൻ അവകാശം എന്നു വിധിക്കയും ചെയ്തു — ഇവ്വ
ണ്ണം നിശ്ചയമാകമെന്നു മസ്കരെണ്ടാമതു മുമ്പിൽ കൂടി ഊഹിച്ചു
തന്റെ സാമാൻ എല്ലാം ഒരു കപ്പലിൽ അടുക്കി പാഞ്ഞു വിധിയെ
കക്കെട്ടുടനെ പൊർത്തുഗാലിന്നു മാറ്റു യാത്രയാകയും ചെയ്തു —
(൧൬൬൩)—

ഇങ്ങിനെ ഉണ്ടായതെല്ലാം താമൂതിരി കണ്ടു ഞെഞ്ചു പറങ്കികൾക്കു
ഇറ്റാറ്റും കൊന്ന അനുഭവം വരുത്തും എന്നു വിചാരിച്ചു വെണാട്ടി
ലും കൊയനാട്ടിലും പട്ടരെ നിയൊഗിച്ചു കൊല്ലവും കണ്ണനൂരും
പിടിച്ചടക്കുവാൻ ഇത് സമയം എന്നു ബൊദ്ധ്യം വരുത്തുവാൻ
ശ്രമിച്ചു — കണ്ണനൂരിലെ ചൊനകരും മടിയാതെ താമൂതിരിക്കു
തുണയാവാൻ നൊക്കി — അതുകൊണ്ടു ദെസായിക്കപ്പിത്താൻ മംഗ
ലൂരൊളം ഓടി അവിടെ ചില നാശങ്ങളെ ചെയ്തു — കൊഴി
ക്കൊട്ടു പടക്കുകളെ കണ്ടു ഞെരുക്കുകയും ചെയ്തു — പിന്ന കുട്ടിയാ
ലിന്നും പടക്കുമായി എതിർത്താറെ ദെസായിതാൻ അവന്റെ ഉരുവി
ൽ കെറി അവനെ മുറിയെല്പിച്ചു അവനും കടലിൽ ചാടിയാറെ വ
ധിച്ചെട്ടുപ്പിച്ചു ശെഷം പടക്കുകളെ മിക്കതും പിടിച്ചടക്കി (എന്നു
മാച്ചിക്കുട്ടിയാലിയെ വിട്ടുവിപ്പാൻ ൨൦൦ പൊൻ പണ്ടാക്കും മറ്റും
കണ്ണനൂർ മാപ്പിളമാർ കൊടുക്കെണ്ടി വന്നു — അവരും മുറാ
നതൊട്ടു ഇനി പറങ്കികളൊട്ടു പട വെട്ടുകയില്ല എന്നു സത്യം ചെ
യ്കയും ചെയ്തു — ചൊനകർ അരിശം കെറി ധർമ്മപട്ടണക്കാരനാ
യ ഹജ്ജി കുട്ടിയാലിയെ ആശ്രയിച്ചു മഴക്കാലം കൊണ്ടു — നല്ല
പടക്കൊളും ചെത്തുകൊണ്ടു യാൽ വന്നു തന്നെ പുറപ്പെട്ടു (ആക്കാ

സ്വിഷ്ടിമലെക്കു നെരെമാറായി നെരിട്ടു കൊറെ ശ്രമിച്ചു ഉടനെ
അപടകും തണ്ടു വഴിച്ചു കപ്പലുകളെച്ചുററികൊണ്ടു കൊടിയ
പടവെട്ടി വസ്സ്തിപ്പിത്തൊന്മാരുടെ ഉപെക്ഷയാൽ ചിലപ്പോൾ പ
രിച്ചെപ്പു ശത്രുവെമടക്കിയെക്കും ററപടകിനെ പിടിച്ചു ചില
തിനെമുക്കി ശെഷിച്ചവരെ ഓടിച്ചു — അന്നാകപ്പിത്താൻ ചൊ
നകരിയും മില്ലർപട്ടുപൊയതിനാൽ വടക്കെമലയാളത്തിൽ
യുദ്ധഭാവങ്ങൾ ശമിച്ചുപൊയി —

# ഭൂമിശാസ്ത്രം

## യുരൊപഖണ്ഡം

### ആകൃതിവിശെഷങ്ങൾ

#### താണനാടുകൾ

യുരൊപയിലെ താണനാടുകളുടെ വിസ്താരം ൪ലക്ഷം ചതുരശ്ര
യൊജനക്കിൽ അധികമാകുന്നു — ആ ഖണ്ഡത്തിന്റെ മുക്കാലംശം
തന്നെ താണഭൂമി തെക്കപടിഞ്ഞാറെ അംശത്തിൽ മുഖ്യമായ
താണദെശങ്ങൾ പൊരുനദിയുടെ മിട്ടാൽപ്രദെശമായ ലംബൎദ്ദി
നാട്ടും ദനുവനദി ഒഴുകുന്ന ഉംഗ്രമൊല്ഡെവയലക്കി നാട്ടുകളും ത
ന്നെ — ഇവയല്ലാതെ സ്പാന്യ — ഇതല്യ — ഗല്ലിയാരാജ്യങ്ങളിൽ പല
നദിപ്രവാഹങ്ങളും താഴ്വരകളും കരിനാട്ടുകളുമായി ചിതറികിട
ക്കുന്നു — യുരൊപഖണ്ഡത്തിന്റെ അതിവിസ്താരമായ താണഭൂ
മി ഉത്തരപടിഞ്ഞാറംശങ്ങളിൽ തന്നെ വടക്കിഴക്കൊട്ടു ഹിമസ
മുദ്രം ബല്ത്യകറിൻകടലുകൾ ഗല്ലിയാകടൽ മലപ്രദെശം ഇംഗ്ലിഷ്
ഉടക്കടൽ അടെന്നമലകൾ ചിസ്ക്യസമുദ്രം സെവെന്നാദിപ
ൎവ്വതങ്ങൾ ഇവയെല്ലാം അതിരുകളാക്കി ഉരാൽമലയിൽനി
ന്നു രുസ്യ — വടക്കെഗല്ലിയ — ദെന — ഹൊല്ലന്ത് — പ്രാഞ്ചിരാജ്യ
ങ്ങളുടെ തെക്കപടിഞ്ഞാറായി പിരനയ്യമലകളൊളം ചെ
ന്നെത്തികിടക്കുന്നു — രുസ്യരാജ്യത്തിൽ ഉയരം കുറഞ്ഞ കുന്നുക

ന്നു പ്രദെശമല്ലാതെ ഇന്നു മഹാ വിശാലമായതാണെ ഭൂമിയിൽ ഉ
ന്നമലകളാണൊൻ ഇല്ല— ആ കുന്നു പ്രദെശത്തിൽ നിന്നത്രെ അനെ
ക നദികൾ ഉത്ഭവിച്ചു അവറ്റിൽ വൊല്ഗ - ദൊൻ - ദ്നെപർ
മുതലായവ കിഴക്കെ തെക്കൊട്ടൊഴുകി കസ്പ്യ കരിങ്കടലുകളി
ലും നിമൻ - ദ്വിന - വിസ്നാ നദികൾ വടക്കുപടിഞ്ഞാറൊട്ടു പ്രവ
ഹിച്ചു ബെല്ത്യ - ഹിമകടലുകളിലും ചെന്നു കൂടുന്നു— യുരൊപ്യ
സരസ്സലങ്ങളിൽ പ്രധാനമായവ രുസ്യരാജ്യത്തിലെ ലദൊ
ഗാ - ഒനെഗാ സരസ്സുകളും ശ്വെദ്യരാജ്യത്തിന്റെ തെക്കെ
തിരിലെ ബൊദൻ സരസ്സും സ്വിച്ച് ദെശത്തിലെ ഗെനെവ - ചു
രിക്ക് മുതലായ സരസ്സലങ്ങളും തന്നെ— യുരൊപ്യ ദ്വീപാവസ്ഥയെ
അതത് രാജ്യവിവരങ്ങളൊട്ടു ചെർത്തു പറയും—

൧, യുരൊപഖണ്ഡത്തിന്റെ വിഭാഗം

രാജ്യവിവരത്തിന്നു വെണ്ടി യുരൊപഖണ്ഡത്തെ ചില അംശ
ങ്ങളാക്കി ഭാഗിക്കുന്നതാവശ്യം തന്നെ— ആ അംശങ്ങളാവിത—

൧, തെക്കെ യുരൊപ

അതിൽ സ്പാന്യ - ഇതല്യ - യവന അൎദ്ധദ്വീപുകളും അവറ്റൊ
ടു ചെന്ന തുരുത്തികളും അടങ്ങിയിരിക്കുന്നു—

൨, നടുയുരൊപ

അതിൽ ഉള്ളെട്ടു രാജ്യങ്ങൾ ഔസ്ത്രിയ കൈസരുടെ സ്വാധീനത്തി
ലെ ഉംഗ്ര - തല്മാത്യ - ബൊഹെമ്യ മുതലായ നാടുകളും - ഗൎമ്മാന്യ -
സ്വിച്ച് - ഹൊല്ലന്ത് - ബെല്ഗ്യ - ഫ്രാഞ്ചി രാജ്യങ്ങളും തന്നെ -

൩, വടക്കെ യുരൊപ

അതിന്റെ അംശങ്ങൾ ഇങ്ക്ലിഷ് - ദെന - ശ്വെദൻ രാജ്യങ്ങ
ൾ അത്രെ—

൪, കിഴക്കെ യുരൊപ

അതിൽ മഹാരുസ്യരാജ്യം മാത്രം അടങ്ങിയിരിക്കുന്നു—

F. Müller. Editor.

# പശ്ചിമൊദയം

൧൧. നമ്പ്ര — തലശ്ശെരി — ൧൮൪൮ ആഗുസ്ത


## കെരളപഴമ

### ൧൫൨൫ പുറക്കാട്ടടികളെ ജയിച്ചതു

ഏഴിമലയരികിൽ ജയിച്ചശെഷം വസ്സ് തന്റെ കൊട്ടകെട്ടി ചൊല്ലുവാകിൽ കുറയ
മുമ്പെ ഉണ്ടായ അതിക്രമത്തിന്നുത്തരം ചെയ്തുകൊണ്ടു — അവിടെ ചില കള്ളിയൊ
യർ തങ്ങളിൽ മുഖത്തെ നൊക്കിച്ചു താല്പൎയ്യത്തിന്റെയുടെ പടക്കാരെ പെടിപ്പിച്ചുപൊരു
ന്നെ പൊർ ഫ്രെ ദെ ഗ്വിസെസ്ക്കാ എന്ന സംഗതിക്കായിട്ടു കിഴക്കൻ കൊറൊ കെൾമ്മായിട്ടു
ചില പടകും മുരിഞ്ഞു മുങ്ങി ചിലതു കരെക്ക അണഞ്ഞു പൊയതെന്നതിൽ കണ്ട
പറങ്കികളെ ഒക്കയും നാട്ടുകാർ കൊന്നുകളഞ്ഞു — അതുകൊണ്ടു വസ്സ് ചെറുവാ
യിൽ കരെക്കിറങ്ങി ഊരെ ഭസ്മമാക്കി — പിന്നെ പെരിമ്പടപ്പു കൊല്ലങ്ങളു
രണ്ടടക്കുവാൻ പ്രയാസപ്പെടുന്നതിനൊട്ടു താമൂതിരി ചെയ്തു വഴിയെ പട
യെ ചെർക്കയാൽ വസ്സും കൂടെ അവിടെ ഒടി ശത്രുക്കളെ തടുപ്പാൻ ഒരൊന്നി
നെ ഉപദെശിച്ചതാൽ പുറക്കാട്ടിലെക്കയാത്രയാകയും ചെയ്തു — അവിടെ വാഴുന്ന
അടികൾ പറങ്കികൾക്ക വലിയ ശത്രുവാകുമെന്നു പ്രകാരം മുമ്പിൽ പറഞ്ഞുവല്ലൊ (൧
ന്നു. ൧൦൪) — ദ്രൊഹിയെ ശിക്ഷിപ്പാൻ നല്ലതഞ്ചം വന്നു വസ്സ് അവിടെ നെഞ്ഞുവണ
ടികളും നായന്മാരും ഒരു പടക്കായി കിഴക്കൊട്ടു പുറപ്പെട്ടശെഷം പട്ടാള
ത്തെ കരെക്കിറക്കി നഗരത്തിന്നു വെള്ളവും ചളിയും നല്ല ഉറപ്പും വരുത്തിയെങ്കിലും
പറങ്കികൾ കടന്നു കയറി കൊട്ടാരത്തെ വളഞ്ഞു അടുത്തു കടപ്പുറത്തുള്ള കാവൽസ്ഥ
രത്തിലും പൊന്നും വെള്ളിയും തൊക്കും മറ്റും ഭണ്ഡാരങ്ങളെ ഒക്കയും കൈക്ക
ലാക്കി അടികളുടെ ദാരങ്ങളെയും പെണ്ണുങ്ങളെയും പിടിച്ചു കൊണ്ടു പൊകയും
ചെയ്തു ഫ്രെ ദെ ഗ്വിശ്ചെത്താ എന്ന പൊത്തുഗീസൻ ൬൦൦ വെള്ളക്കാരിൽ ഒരെ
ടവന്നു ൧൦൦൦ പൊൻ പണ്ടാരത്തൊള്ള കൂടെ അംശമാക്കിട്ട് തൃപ്പന്നതല്ല
ക്ഷത്തെയും സാധിച്ചു എന്നു കെൾക്കുന്നു — നഗരത്തിന്നും കൊട്ടാരത്തെയും മുടിച്ചു
തൽ പിന്നെ പറങ്കികൾ കപ്പലെറി കണ്ണനൂർക്ക ഒട്ടുകയും ചെയ്തു — അവിടെ കൊ

ന്നവസ്ത്രത്തെൻദമൂർമ്മക്കാരായമെല്ലുംഎന്നവരെനിയൊഗിച്ചുമാടാക്കെഴുതി
ൽ൧൭പടക്കാരാഷ്ട്രത്തിരിക്കുമുള്ളതിനെഅടക്കിച്ചുവെഴിക്കതിരികിലുംപടക്കുകൾ
ളനായാട്ടിച്ചുഅങ്ങളുകളെനിഗ്രഹിച്ചുമാടാക്കിഎന്നുഇന്നരെദഹിപ്പിക്കയുംചെയ്തു—

ഇങ്ങിനെമലയാളത്തിരത്തവൊരാട്ടുമ്പൊൾവസ്തുകച്ചവടത്തെമറക്കാതെവി
ശെഷാൽക്കുതിരകളെഗൊവക്കിൽകടത്തിച്ചുഅവിടുന്നമുസല്മാൻരാജാക്കന്മാ
ക്കുംരായർക്കുംവിറ്റുവളരെദ്രവ്യംസമ്പാദിച്ചുകൊട്ടകളെക്കുംമറ്റുംഒക്കെമാറ്റുറ
പ്പിച്ചുപൊരുമ്പൊൾ(൧൫൦൩)ന്നുത്തുദാക്കത്താരപൊൎത്തുഗാലിൽനിന്നുക
പ്പൽതുറിൽവന്നിട്ട(൧൫൨൪)കൊട്ടകിൽവരാതെമൂപ്പസ്ഥാനംതനിക്കുള്ള
പ്രകാരംവന്നിട്ടെന്നറിയിച്ചാറെഅവൻഉടനെതൊണിയിൽകയറിക്കൊശ
ലംചൊദിപ്പാൻകപ്പലിൽചെന്നു-ഗദത്താവവക്കൽനിന്നുമുമ്പെതന്റെഅ
ച്ചനൊട്ടുകൂടകപ്പൽതുറിലുംപൊന്നിട്ടില്ലഉണ്ടായപടകളിൽചെന്നുയ
ശസ്സ്ഉണ്ടാക്കിയവൻതന്നെ-ആയവൻവന്നിട്ടെന്റെവിരക്കാറവുകളെന്നറി
ഞ്ഞുരാജാക്കൾക്കുപ്രകാരംവിസ്തരിച്ചുഒട്ടുകാലംഅവനെതടവിലാക്കുകയുംചെ
യ്തു-മസ്കരെഞ്ഞാവെപിഴ്ക്കിത്തുരുക്കിലാക്കിയതിന്നുഇവണ്ണംശിക്ഷസംഭവിച്ചു-
(൧൫൦൪ഇൽ)അവനെപൊൎത്തുഗാലിലെക്കയച്ചുഅവിടെയുംവിസ്താരംക
ഴിച്ചശെഷം മൂന്നുവൎഷത്തെക്കുകൂട്ടന്നുള്ളമാസപ്പടികളെക്കയുംമസ്കരെഞ്ഞാസിന്നു
കൊടുക്കെണമെന്നുവിധിഉണ്ടായി-അന്നുമൂപ്പന്റെശമ്പളം ഒരാണ്ടെക്ക൧൦൦൦
വരാഹൻതന്നെ-പുറക്കാട്ടിൽനിന്നുസാധിച്ചുകൊള്ളയാൽആയവണംകൊടു
ക്കുന്നതിനൊട്ടുംവിഷമംഉണ്ടാകില്ലതാനും-അനന്തരംപുറക്കാട്ടുകാർക്കുഞങ്ങ
ഉവൊട്ടു ക്ഷമയപെക്ഷിച്ചുവളരെദ്രവ്യംകൊടുത്തുദാരങ്ങളെക്കുംചെ
ങ്ങളെക്കുംവിജയിച്ചുകൊണ്ടുഅന്നുമുതൽഭെദംവരാതെപൊൎത്തുഗാലിന്നു
മിത്രമായിപാൎത്തു-൧൬൬൨ഇൽഡച്ചക്കാരിൽപിന്നെഹൊല്ലന്തർകൊച്ചിയെപിടിച്ചു
മലയാളത്തിൽപൊൎത്തുഗാൽവാഴ്ചയെഒടുക്കുംകാലത്തിലുംപുറക്കാട്ടുകാർപ
റങ്കിക്കാൎക്കുപിന്തുണയായിപൊരാടിയപ്രകാരംഒരൊപ്പട്ടാങ്ങൾഉണ്ടു—

## ഭൂമിശാസ്ത്രം

### യുരൊപഖണ്ഡം

# രാജ്യവിഭാഗം

## ൧. തെക്കെ യുരോപ

### സ്പാന്യ- (പിരനെയ-) അൎദ്ധദ്വീപു

അതിന്റെ അതിരുകൾ കിഴക്കും തെക്കും പടിഞ്ഞാറും മദ്ധ്യതറന്യ- അതലന്തിക സമുദ്രങ്ങൾ- വടക്കു പ്രാഞ്ചിരാജ്യം വിസ്താരം ഏകദേശം ൧൧൦൦൦ ചതുരശ്രയൊജന- അതിൽ സ്പാന്യ പൊൎത്തുഗാൽ എന്നീ രാജ്യങ്ങളും തെക്കെ അതിരിലെ ജെബെൽ അൽ ധാരിക് (ജിബ്രാല്ത്താർ) എന്ന ഇങ്ക്ലിഷ്കാരുടെ സ്വാധീനമായ കോട്ടയും അടങ്ങിയിരിക്കുന്നു- പ്രകൃതിവിശേഷങ്ങളെ മീത്തൽ പറഞ്ഞുവല്ലൊ.—

### ൧. സ്പാന്യരാജ്യം

ഇപ്പൊൾ ഉള്ള സ്പാന്യരാജ്യം ൧൪൬൯ാം ക്രി. അ- മുതൽ ക്രമത്താലെ കസ്തില്യ- അറഗൊൻ- നവറ ഇത്യാദി രാജ്യങ്ങൾ ഒന്നായിച്ചെൎന്നു വന്നതിനാൽ അത്രെ ഉണ്ടായത്- അതിന്റെ വിസ്താരം ൯൪൦൦ ചതുരശ്രയൊജന- ഏകദേശം ൨൦ വൎഷത്തിന്നു മുമ്പെ രാജാവു മുമ്പെത്ത രാജ്യവിഭാഗം മാറ്റി രാജ്യത്തെ എല്ലാം ൪൯ ഖണ്ഡങ്ങളാക്കിക്കൊള്ളുകയും ചെയ്തു- നിവാസികളുടെ സംഖ്യ ൧ കൊടിയിൽ പരം ൨൫ ലക്ഷത്ത് ൬൦൦൦൦ ആകുന്നു- അവർ പുരാണനിവാസികളാലും കാലക്രമെണ അൎദ്ധദ്വീപിൽ വന്നു കൂടിയെറിയ കെല്ത്ത- രൊമ- ഗൎമ്മാന- അറവി ജാതികളാലും ഇടകലൎന്നു വന്നത് കൊണ്ടു അവരുടെ ഭാഷ ലത്തീനഭാഷയുടെ ഒരു ശാഖ എങ്കിലും മെൽ പറഞ്ഞ ജാതികളുടെ ഭാഷകളിൽനിന്നു പല വാക്കുകൾ കൂടിച്ചെൎന്ന മിശ്രഭാഷ തന്നെ- ചില യഹൂദന്മാർ ഒഴികെ സ്പാന്യരെല്ലാവരും രൊമക്രീസ്ത്യാനർ തന്നെ- സഭാവാഴ്ചയെ നടത്തുന്ന ൮ മെലദ്ധ്യക്ഷന്മാർ തൊലെദൊ- സന്ത്യാഗൊ- ബുൎഗ്ഗൊസ്സ്- സരഗൊസ്സ- തറഗൊന- വലെന്ത്യ- സെവില്ല- മലഗാ എന്നീ പട്ടണങ്ങളിൽ വസിച്ചു വരുന്നു വൊളം ജനങ്ങളെ രൊമദാസ്യത്തിലും മെത്രാന്ധ്യത്തിലും വൎത്തിരാജധനവും പ്രജാസ്വാതന്ത്ര്യവും സ്വാധീനമാക്കിക്കൊണ്ടിരുന്നു- എങ്കിലും ചില വൎഷം മുമ്പെ മാത്രം സ്പാന്യർ രൊമപാപ്പാവിന്റെ അധികാരത്തിൽനിന്നു ഒഴിച്ചുപൊവാൻ വട്ടം കൂട്ടി ചിലതിൽ സാദ്ധ്യം വരു

ത്തികളും ചെയ്തു- രാജ്യനിലം മികവാകും സദാ സ്വാദുവും കളിനസ്ഥ്യവും ആക
കൊണ്ടു കൃഷിപ്പണിയിൽ ഇനിയും ഉണ്ടാകുന്നു- പ്രയത്നക്കാർ ദിവസേന
ശിച്ചുകൊണ്ടു അന്യന്മാരുടെ മുതൽ വർദ്ധിപ്പിപ്പാൻ പ്രശോഭിച്ചുവരു ഗ്രഹി
ക്കയില്ലല്ലൊ- ചില അംശങ്ങളിൽ മാത്രം പല വിധ ധാന്യങ്ങളിലും ഫലവൃ
ക്ഷാദികളിലും ദ്രാക്ഷാവള്ളികളിലും കൃഷാമം ഉള്ളപൊൽ ഗൊരക്ഷ രാജ്യ
ത്തിലെങ്ങും ക്ഷയിച്ചു കിടക്കുന്നു- സാരമുള്ള കമ്പിളികൾ പ്രകാരങ്ങളെപ്പൊൾ
കൊവർക്കച്ചുതൽ പ്രധാനമാകുന്നു- പലരിക്കുകളിൽ കാണുന്ന കാലികളെ ര
ക്ഷിയാതെ പ്രജകൾ ആട്ടുകളെ മാത്രമെ പൊറ്റുന്നുള്ളു- കാടന്മാർ വാസി
കൾ ഇതിൻപിഴ കൊണ്ടു അല്പം ഒരു ലാഭം ഉണ്ടാക്കിവരുന്നു- ഈയ്യം ചെ
മ്പു ഇരിമ്പ് ഈയം മുതലായ ലോഹങ്ങളെ വിളഞ്ഞെടുക്കുന്ന സ്ഥലം രാജ്യത്തിൽ
പണ്ടുവളരെ ഉണ്ടായിരുന്നു- എങ്കിലും അമെരിക്കാഖണ്ഡം തിരിഞ്ഞു
വളരെ സ്വർണ്ണഭൂമികൾ സ്പാന്യരുടെ സ്വാധീനത്തിൽ വന്നനാൾ മുതൽ മെ
ൽ പറഞ്ഞ ലോഹങ്ങളെ കുഴിച്ചെടുപ്പാൻ ജനങ്ങൾക്കു താല്പര്യം കുറ
ഞ്ഞു പൊയി- അമെരിക്കനാടുകൾ ഇക്കാലം സ്പാന്യ കൈവശം വിട്ടുപൊ
യതിനാൽ ഇപ്പൊൾ ആ വക പണിക്കാരെ ധ്രുവിപ്പിൽ പിന്നെയും അല്പം
ഉത്സാഹം കാണുന്നു- കൈത്തൊഴിൽ സ്പാന്യയിൽ ക്ഷയിച്ചിരിക്ക
കൊണ്ടു പ്രജകൾ പലതു വസ്ത്രങ്ങളെ പുറനാട്ടിൽ നിന്നു വരുത്തിക്കൊ
ള്ളുന്നു- ഈ കഴിഞ്ഞ ൩൰ം സംവത്സരങ്ങളിൽ കൂടക്കൂടെ അതിക്രമി
ച്ചുവന്ന രാജ്യഛിദ്രങ്ങളും അമെരിക്കനാടുകളുടെ നഷ്ടവും നിമിത്തം പ
ണ്ടു സർവ്വ രാജ്യങ്ങളിലും വ്യാപിച്ചുവന്ന കച്ചവടം താണു ഇപ്പൊൾ മുഖ്യങ്ങളുള്ള
ചില പട്ടണങ്ങളിൽ മാത്രം കുറെ ശോഭിച്ചു നടക്കുന്നു- സ്പാന്യയിൽ പ്രവിദ്യാശാ
ലകൾ ഉണ്ടെങ്കിലും രോമ പട്ടക്കാരുടെ വാഴ്ച ഹേതുവായി പ്രജകളിൽ കൂടെ
ദേശം മുതലായ ശാസ്ത്രങ്ങൾ ഒന്നും പഠിക്കാതെ മൂഢന്മാരായി പാർക്കുന്നു- അ
തുകൊണ്ടു പല ദോഷങ്ങളും രാജ്യത്തിൽ അതിക്രമിച്ചു നടക്കുന്നു- ൭൦.൦ സ്പാ
ന്യയിൽ ഒരുവൻ കുലപാതകൻ തന്നെ —

സ്പാന്യരാജ്യധർമ്മത്തിൽ രാജ്യസംഘത്തോടും ചെന്ന് ഏകശാസന

പ്രധാനം — രാജ്യസംഘത്തിൽ ഒരംശം രാജാവു നിയൊഗിക്കു
ന്ന കുലശ്രെഷ്ഠന്മാർ — മറെറ അംശം പ്രജാനിയുക്തന്മാരത്രെ
ക്കുന്നു — രാജാവിൻ കല്പനയാലെ അവർ ആവശ്യം പൊ
ല മന്ത്രിഭിൽ യൊഗം കൂടി കാൎയ്യാദികളെ നിരൂപിച്ചു രാജ്യ
വ്യവസ്ഥാപ്രകാരം ആവശ്യം തൊന്നാത്ത വെപ്പുകളെ നീക്കി
പുതിയത് ഒരൊന്നു കല്പിച്ചു വ്യവസ്ഥയാക്കുകയും ചെയ്യുന്നു —
സംഘവിധികളെന്ന മന്ത്രികളെ കൊണ്ടു രാജ്യത്തിലെങ്ങും ന
ടത്തുവാനും — നെരും ന്യായവും പരിപാലിപ്പാനും — പരനാട്ടുകാ
രൊട്ടു യുദ്ധവും സന്ധിയും കഴിപ്പാനും രാജാവിന്നു ന്യായം —
രാജ്യാംശങ്ങളിൽ വ്യവസ്ഥകളെ ക്രമം പൊലെ നടത്തെണ്ടു
ന്ന ൪൯ നാടുവാഴികളും അവരുടെ താഴെ പല സ്ഥാനികളും ഉ
ണ്ടു — ആയവർ മന്ത്രികൾക്കും മന്ത്രികൾ രാജ്യസംഘത്തിന്നും ത
ങ്ങളുടെ ക്രിയകളുടെ കാരണങ്ങളെ ബൊധിപ്പിക്കെണ്ടു —

ആയവ്യയങ്ങളുടെ വിശെഷങ്ങൾ സ്പാന്യരാജ്യത്തിൽ
വളരെ സങ്കടമായി കിടക്കുന്നു — ഒരു വൎഷത്തിലെ വരവു ഏക
ദെശം ൨൪ കൊടിയിൽ പരം ൭൦൦൦൦൦ ഉറുപ്പിക ചിലവു
ണ്ടു — രാജ്യക്കടം സംവത്സരം തൊറും വൎദ്ധിച്ചുവരുന്നതെ ഉള്ളു
അതിപ്പൊൾ ഏകദെശം ൪൰ കൊടിയിൽ പരം ൭൦൦൦൦
ഉറുപ്പികയൊളം വൎദ്ധിച്ചുവന്നിരിക്കുന്നു — രാജ്യപരിപാ
ലനത്തിന്ന വെണ്ടുന്ന സൈന്യസംഖ്യ ൯൦൦൦൦ — അവർ വടക്കും
പടിഞ്ഞാറും അതിരുകളിൽ കിടക്കുന്ന കൊട്ടകളിലും മറ്റും
ഇരുന്നു വസിക്കുന്നു — സ്പാന്യരുടെ കപ്പൽബലം ക്ഷയിച്ചു
൨൰ പടകപ്പലുകളെ ഉള്ളു — ഫെറൊൽ — കാൎത്ഥഗെന എ
ന്നിരണ്ടു തുറമുഖങ്ങളിൽ വിഭാഗിച്ചു കിടക്കുന്നു —

സ്പാന്യരാജ്യത്തിൽ ൪൰ വലിയ പട്ടണങ്ങളും ൱൩൦
നഗരങ്ങളും ഊരുകളും ൪൨൦൦൦ ഗ്രാമങ്ങളും ഉണ്ടു — പട്ടണ

ങ്ങളിൽ വിശിഷ്ടമായവ രാജ്യത്തിൻെറ നടുവിൽ കിടക്കുന്ന
മദ്രിദ് ൨൦൮൦൦൦ നിവാസികൾ— അതിൻ തെക്കെ രാജധാനി—
കിഴക്കെ കടപ്പുറത്തുള്ള ബൎശെലൊന ൬൫൦൦൦ നിവാസികൾ—
വലെഞ്ച്യ— ൬൬൦൦൦ നിവാസികൾ— തെക്കെ അംശത്തിൽ
ഉള്ള സെവില്ല ൯൦൦൦൦ നിവാസികൾ— ഗ്രനദ ൮൦൦൦൦ നിവാ
സികൾ— കാദിശ് കൊട്ട ൭൦൦൦൦ നിവാസികൾ— മലഗാ— ൫൨൦൦൦
നിവാസികൾ മറ്റുമാകുന്നു—

സ്പാന്യരാജ്യത്തൊടു ചെൎന്ന തുരുത്തികളിൽ ബെലയാര
ഫിക്കുസ്— ഈവക്കൂട്ടം കിഴക്കെ കരസമീപത്തു മദ്ധ്യതറ
ന്ന്യാഴിയിലും— കനാർ തുരുത്തികൾ അതലാന്തിക സമുദ്രത്തി
ലും കിടക്കുന്നു— ബെയയാര ഫിത്തിക്കുസ് ദ്വീപുകളുടെ വിസ്താരം
ഒക്ക ദെശം ൬൦ ചതുരശ്രക്കൊശന— നിവാസികളുടെ സംഖ്യ ഒ
ക്ക ദെശം ൨൩൦൦൦൦— കനാര തുരുത്തികളുടെ വിസ്താരം ഒക്ക ദെശം
൬൩ ചതുരശ്രക്കൊശന— നിവാസികൾ ൨൦൦൦൦൦—

F. Müller Editor.
1922 G 9992

നമ്പ്ര ഒന്നിന്ന പശ്ചിമോദയം ൧ വൊല്യുമില
൧൧ നമ്പ്ര തലശ്ശെരി ൧൮൪൭ ഡിസമ്പ്ര

# ഭൂമിശാസ്ത്രം

## ഭാരതഖണ്ഡം

### ൭൮. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടൎച്ച)

൧. ലങ്കാദ്വീപു ഭാരതഖണ്ഡത്തിന്റെ തെക്കെ തുടൎച്ചയത്രെ എങ്ങിനെ എന്നാൽ രാമനാഥപുരത്തിന്നു കിഴക്കെ രാമെശ്വരം മുതലായ തുരുത്തികൾ ദ്വീപിനെ ദക്ഷിണഖണ്ഡത്തൊടു ഒരു പാലം പൊലെ ചെൎത്തിരിക്കുന്നു ഏകദെശം ൧൨ കാതം വിസ്താരമുള്ള മണ്ണാറു ഉൾവരഞ്ഞ ചെറുതുരുത്തികളുടെയും ലങ്കാദ്വീപിന്റെയും നടുവിലെ രണ്ടു ഭൂമികളെ വെൎത്തിരിച്ചു ഉള്ള ഇടക്കടലാകുന്നു കന്യാകുമാരിയിൽ നിന്നും ലങ്കാദ്വീപൊളം ൩൫ കാതം ദൂരം ഉണ്ടു ഇങ്ങിനെ ഈ ദ്വീപു ബംഗാളസമുദ്രത്തിന്റെ തെക്കെ പ്രവെശനത്തിൽ ഒരു കൊഴിമുട്ടയുടെ ആകൃതി പൂണ്ടു ഏകദെശം ൭൦ കാതം നീളവും ൩൮ കാതം വീതിയും ൧൦൦ കാതം ചുറ്റളവും ൭ ന്നാം മാത്രം യൊജന വിസ്താരവുമായി ൧൫ ലക്ഷം നിവാസികളൊടും കൂട ഹിന്തുസമുദ്രത്തിൽ നിന്നു പൊങ്ങി നില്ക്കുന്നു —

ദ്വീപിന്റെ കടല്പുറങ്ങൾ പലവിധമാകുന്നു തെക്കു കിഴക്കും തെക്കു പടിഞ്ഞാറും മലകളും പാറകളും കടല്കരയൊളം നീണ്ടു നില്ക്കകൊണ്ടു തെക്കെ അംശത്തിൽ വിശെഷമായ തുറമുഖങ്ങൾ ചുരുക്കമെയുള്ളു വടക്കെ അംശത്തിലുള്ള കടല്പുറങ്ങളുടെ അവസ്ഥ വെറെ — ദെശം മിക്കതും താണ ഭൂമിയാകകൊണ്ടു പല ദിക്കിലും കടൽക്കൽ നാട്ടകം പുക്കു വലിയ കപ്പലുകൾക്കു പ്രവെശത്തിന്നു ഉചിതതുറമുഖങ്ങളായിരിക്കുന്നു — മഹാവല്ലിഗംഗ മുതലായ നദികൾ സമുദ്രത്തിൽ ചെരുന്ന അഴിമുഖങ്ങളിലും കപ്പലുകൾ അണഞ്ഞു നില്ക്കെണ്ടതിന്നു ചില സ്ഥലങ്ങൾ ഉണ്ടു അവറ്റിൽ ത്രിക്കൊണമലതുറമുഖം വിശെഷമായതു — ദ്വീപിന്റെ വടക്കെ കരസമീപത്തുള്ള ചെറുതുരുത്തികളിൽ കല്പന്തി — മണ്ണാറു — യാഴ്പാണം എന്നിവ മൂന്നു പ്രധാനം —

ദ്വീപിന്റെ തെക്കെ അംശത്തിൽ ഏകദെശം ൪൫ കാതം നീളവും ൨൫ കാതം

ഷിതിയുമായമലനാടുവലശിഖരങ്ങളൊട്ടുംശാഖകളൊട്ടുംകൂടനാലുദിക്കിലുംവ്യ
ാപിച്ചിരിക്കുന്നതിന്റെമധ്യത്തിലും ൪–൫ കാതംവീതിയുള്ളൊരുപ്രദേശംപല
ത്തുഭൂതാഷ്ടരകളൊട്ടുംകൂടതത്തിന്റെതാടിയായിനിന്നൊരൊപുഴകളെകട
സ്സരത്തെക്കണ്ടയച്ചുവിടുന്നതിന്റെപുറമെയുള്ളദെശംതാണുംഭിന്നമായുംപ
ലവിധെനകടലൊളംഎത്തികിടക്കുന്നു–മലപ്രദെശത്തിലെമുഖ്യമായശിഖര
ങ്ങൾ ൭൦൦൦ കാലടിഉയരമുള്ളനാമനക്കൂലികണ്ടിയുംഅതിന്റെസമീപത്തി
ക്കൽ ൬൦൦൦ കാലടിഉയൎന്നുനില്ക്കുന്നസമനെല്ലയുംതന്നെസമനെല്ലക്കുശ്രീപാ
ദംഎന്നപെരുംനടപ്പായിവന്നിരിക്കുന്നതിന്റെകാരണംപണ്ടുലങ്കാദ്വീപി
ൽഅനെകദുഷ്ടന്മാരുംക്രൂരസൎപ്പങ്ങളുംനിറഞ്ഞുവാണുകൊണ്ടിരുന്നപ്പോൾ
വിഷ്ണുഇവകെക്കനിക്കംവരുത്തുവാൻനിശ്ചയിച്ചുബുദ്ധനായിഅവതരിച്ചു
ഭയങ്കരമായഭൂകമ്പത്തൊടുംഇടികളൊട്ടുംകൂടലങ്കയിൽഇറങ്ങിദുഷ്ടന്മാരെ
ഉഛ്ചാടിച്ചുരാജ്യഭ്രംശംവരുത്തിബൌദ്ധമതംജനങ്ങളൊടുഉപദേശിച്ചുനട
ത്തിരാജാവിന്റെപ്രാൎത്ഥനയാലെസമനെല്ലമലകയറിപാറമെൽചവിട്ടി
സ്വമതക്കാൎക്കുതിരുകാലിന്റെരൂപംആശ്രയസ്ഥാനമാക്കികൊടുക്കയുംചെ
യ്തു–ഈപഴമന്നനുസരിച്ചുഅനെകബൌദ്ധന്മാർസംവത്സരംതൊറുംആമല
കയറികാഴവെച്ചുഉത്സവംകൊണ്ടാടിലങ്കദ്വീപിൽവിശുദ്ധഭൂമിസമനെ
ല്ലമലതന്നെഎന്നുപ്രമാണിച്ചുകൊണ്ടിരിക്കുന്നു–ആമലപ്രദെശത്തിൽനി
ന്നുഉത്ഭവിച്ചുനാലുദിക്കിലെക്കുംഒഴുകിചെല്ലുന്നനദികളിൽത്രിക്കൊണമല
സമീപത്തുസമുദ്രത്തിൽകൂടുന്നമഹാവെല്ലഗംഗയുംകളമ്പുപട്ടണത്തിന്നരി
കിൽവെച്ചുകടലൊടുചെരുന്നകലാണിഗംഗയുംകല്ത്തുറനഗരസമീപത്തിങ്ക
ൽആഴിയെപ്രാപിക്കുന്നകാർഗംഗയുംപ്രധാനം–

ദ്വീപിലെഉല്പത്തികൾപലവിധമാകുന്നു–മലകളിൽനിന്നുംപുഴമണ്ണിൽനി
ന്നുംപൊൻവെള്ളിഇരിമ്പുമുതലായലൊഹങ്ങളെവിളഞ്ഞെടുക്കുന്നതുമല്ലാ
തെപലദിക്കിൽനിന്നുംഒരൊവിധംരത്നങ്ങളെയുംകണ്ടുകിട്ടിവരുന്നു–ചിലാ
പത്തുതുടങ്ങിവടക്കൊട്ടുമന്നാറുവരെയുള്ളതീരങ്ങളൊളമുള്ളകടൽകൈ
കളിൽനിന്നസമുദ്രമുത്തുകൾക്കുവെണ്ടുന്നുളുമ്പുംചിപ്പികളെടുക്കുന്നു–രാജാക്ക

Ci XIV 285

മാൎക്കും മഹാലോകൎക്കും മുഖ്യ ആഭരണങ്ങളായി ശോഭിക്കുന്ന മുത്തുകളും ലങ്കാദ്വീപിന്റെ വടക്കെപടിഞ്ഞാറെ കടലിൽനിന്ന എടുത്തുവരുന്നു — ഫലവൃക്ഷങ്ങളിൽ തെങ്ങ — കഴുങ്ങ — പിലാവ മരവും പ്രധാനം — വിശേഷധാന്യം നെല്ലു തന്നെ പലവിധം കിഴങ്ങുകളും കുരവില്ല ഇറുവക അല്ലാതെ വിലാത്തിക്കാർ ദ്വീപിൽ വന്ന സമയം മുതൽ കാപ്പി — കറുപ്പ — പുകയില — നാരങ്ങ — ജാതിക്കായി — മുളക മുതലായ ഫലങ്ങളും പല സുഗന്ധദ്രവ്യങ്ങളും അത്യന്തം വൎദ്ധിച്ചുവന്നിരിക്കുന്നു — പട്ടുനൂൽ — പരുത്തി — പക്ക എന്ന വസ്ത്രസാധനങ്ങളെ കൊണ്ടുള്ള കച്ചോടം വളരെ അവിടെ നടക്കുന്നു — കാട്ടുമൃഗങ്ങളിൽ ആന — പോത്ത — കാട്ടുപന്നി മുതലായതും നാട്ടിൽ ആടു പശു ആദികളും പ്രധാനം പുഴകളിൽ ചീങ്കണ്ണിയും നാട്ടിൽ സൎപ്പജാതികളും പെരുകി വസിക്കുന്നതു മല്ലാതെ ഒരുവക അട്ട എണ്ണം പെരുന്ന പ്രത്യേകം വഴിപോക്കരെ അത്യന്തം ഉപദ്രവിക്കുന്നു —

ലങ്കാദ്വീപിലെ വിശിഷ്ടനഗരങ്ങളും ഊരുകളും മിക്കവാറും പുറമുള്ള കടല്പുറങ്ങളിൽ തന്നെ ആകുന്നു —

മണ്ണാറു — കതിരമല എന്ന ചെറുതുരുത്തികളിൽനിന്ന അല്പം വടക്കൊട്ടു ഏകദേശം ൧൫ കാതം നീളമുള്ള കല്പന്തി എന്ന അൎദ്ധദ്വീപു ഇലത്തുറമുഖങ്ങളൊടും കൂട വടക്കൊട്ടു തന്നെ നീണ്ടുകിടക്കുന്നു നിവാസികളുടെ മുഖ്യപ്രവൃത്തി കൃഷിയും മീൻപിടിയും തന്നെ ചിലർ തെങ്ങ ഉണക്കമീൻ മുതലായ ചരക്കുകളെ കൊളമ്പു പട്ടണത്തിലെക്കും മറ്റും തോണി വഴിയായി കൊണ്ടുപോയി കച്ചോടം നടത്തുന്നു — പുത്തലം എന്ന കോട്ടയിലും അങ്ങാടിയിലും ഉള്ള ജനങ്ങൾ മിക്കതും മലയാളികളും തമിഴരും തന്നെ അവർ [illegible] മുളകു അടക്കായും മറ്റും തോണികളിൽ കയറ്റി തിരുനെൽവേലി മുതലായ ദേശങ്ങളിൽ കൊണ്ടുപോയി വിറ്റും അവിടെനിന്ന പല ചരക്കുകളെ വാങ്ങിക്കൊണ്ടുവന്നും കച്ചവടം ചെയ്തു ഉപജീവനം കഴിക്കുന്നു —

അവിടെനിന്ന അല്പം തെക്ക ചളിസ്ഥലങ്ങളുടെ നടുവിൽ ഉള്ളതാകുന്ന അൎദ്ധദ്വീപിന്മേൽ നീലംബു എന്ന ചെറിയ നഗരം മലയാളികൾ പാൎക്കുന്ന ദേശത്തിന്റെ തെക്കെ അതിരായി കിടക്കുന്നു — നിവാസികൾ മിക്കവാറും ദരിദ്രന്മാരാകുന്നു

ബ്രാഹ്മണരൊ കൊട്ടയത്തികിലുള്ള പുരാണ ക്ഷെത്രങ്ങളിൽ വന്നിച്ചു ഭിക്ഷ എടുത്തു ഉപജീവനം കഴിച്ചുകൊണ്ടിരിക്കുന്നു — കായമെല്ല നദിയുടെ തെക്കെ കരമെൽ നാഗംബ്ര കൊട്ട തെങ്ങ കഴങ്ങ മുളക കാപ്പി കറുപ്പ ഇത്യാദികൾ വെക്കുന്ന തൊട്ടങ്ങളുടെ നടുവിൽ വിളങ്ങി നില്ക്കുന്നു നിവാസികൾ മിക്കവാറും ഒല്ലന്തരുടെ സന്തതികൾ അവരുടെ പ്രവൃത്തി ക്രയവിക്രയങ്ങൾ തന്നെ —

മലപ്രദെശത്തിൽ നിന്നു പടിഞ്ഞാറൊട്ടു ഒഴുകുന്ന കലാനി ഗംഗ കൂടെ അഴിമുഖത്തു തന്നെ ആഭരണതൊട്ടത്തിന്നു സമമായ ഭൂമിയിൽ കൊളമ്പു എന്ന പ്രധാന പട്ടണം ഇംഗ്ലിഷ ഗൊവൎണ്ണർ അദ്ധ്യക്ഷൻ മുതലായ സ്ഥാനികളുടെ വാസമാകും വിലാത്തി നഗരത്തിന്നു സാദൃശ്യമായും നില്ക്കുന്നു അവിടെ വസിക്കുന്ന ഒല്ലന്തർ പൊൎത്തുഗീസർ ഇങ്ക്ലീഷ്കാർ എന്നിവക്കാരെയും പട്ടാളങ്ങളെയും മറ്റും ഒഴിച്ചു ശുദ്ധിമാൽ നിവാസികളുടെ സംഖ്യ എകദെശം ൩൦൦൦൦ ആയിരിക്കും നിശ്ചാരമുള്ള തുറമുഖത്തിൽ സംവത്സരംതൊറും ൩൦൦—൪൦൦ കപ്പലുകളും പത്തമാരികളും അണഞ്ഞുവന്നു ചരക്കുകളെ ഇറക്കി കയറ്റി ഒടുകയും ചെയ്യുന്നതുകൊണ്ടു അവിടെ നടക്കുന്ന കച്ചവടം അല്പം അല്ല എന്നറിയാം സിംഹളർ പാൎക്കുന്ന പട്ടണാംശത്തിന്നും അഞ്ചാടികൾക്കും പെട്ടന്നെ പെർ —

കൊളമ്പിൽ നിന്നു എകദെശം ൧൫ കാതം വഴി തെക്കൊട്ടു പുന്തൊഗാലകൊട്ട ദ്വീപിന്റെ തെക്കെ കടപ്പുറത്ത തന്നെ നില്ക്കുന്നു എത്രയും നല്ല തുറമുഖം അവിടെ ഉണ്ടാകകൊണ്ടു ആ കൊട്ടെക്ക വളര കീൎത്തി വന്നു അവിടെ പാൎക്കുന്ന ചില ഒല്ലന്തർ അല്ലാതെ നിവാസികൾ എല്ലാവരും സിംഹളർ തന്നെ —

പുന്തൊഗാലയിൽ നിന്നു ദ്വീപിന്റെ തെക്കു നൈരൃതത്തും കിഴക്കെ കടപ്പുറത്തിൽ കൊണമലപട്ടണവുമുള്ള ഭൂമി പലവിധ ഫലവൃക്ഷങ്ങൾ ആന മുതലായ മൃഗങ്ങൾ നിറഞ്ഞ കാടുകൾ പല ബൌദ്ധക്ഷെത്രങ്ങൾ ഉറുകൾ കൊട്ടകൾ തുറമുഖങ്ങൾ എന്നിവയെ കൊണ്ടു ശൊഭിക്കുന്ന ചില നഗരങ്ങൾ മദ്ധ്യരത്തും ദെവന്തുറം — തങ്കനയും പരിഗാലൊപവും തന്നെ

## ആകാശനിന്നം (തുടൎച്ച)

ജലവായും എന്ന ഒർ ആകാശം ഉണ്ടു — അതുക്കുവാതക്ക സകലസാധനങ്ങ

ഉല്യം ഘനം കുറഞ്ഞു — സാധാരണ ആകാശത്തിന്റെ ഘനം എന്തെന്നു ചൊദിച്ചാൽ ഒരു കുപ്പി നിറയ വെള്ളം ഘനം കുപ്പിയിലെ ആകാശത്തൊട് ഒക്കുന്നു പിന്നെ ആകാശം നിറഞ്ഞ ഒരു കുപ്പി ൧൪ കുപ്പി ജലവായുവൊടു സമമായി നില്ക്കും — ഇങ്ങനെ ഉള്ള ജലവായു ഘനം വശ്ശത്തിന്നു മുമ്പെ രസവാദികൾക്കു കണ്ടു കിട്ടിയതിന്റെ ശെഷം കുട്ടികൾ കടലാവണക്കിന്റെ ചാറു കൊണ്ടു പൊക്കള ഊതി ഉണ്ടാക്കുന്നതു പൊലെ ഒരുത്തൻ ജലവായു വെച്ചൂതി പൊക്കളയിൽ നിറെച്ചാൽ അതി വെഗത്തിൽ ആകാശത്തിൽ കയറി പൊകും എന്നും കണ്ടിരിക്കുന്നു — അതിന്റെ ശെഷം പരിന്ത്രിസ്സായ മൊംഗൊൽഫ്യ ത്രണ്ണി കൊണ്ടു ൧൦൦ മുളം ചുററളവുള്ള പന്തുണ്ടാക്കി കടലാസ്സു കൊണ്ടു പൊതിഞ്ഞ പുൽത്തിയുടെ പുകയും നിറെച്ചു കെട്ടപ്പൊൾ വന്നു കെട്ടിയ കയറ് അറുത്ത ഉടനെ അത് ആറായിരം അടി ഉയരത്തൊളം കരെറി എങ്കിലും തുണിയുടെ പഴുതുകൾ സൂക്ഷ്മമായി അടഞ്ഞിട്ടില്ലായ്ക കൊണ്ടു പുറമെ ഉള്ള ആകാശം ഉള്ളിൽ കടന്നു നിറഞ്ഞപ്പൊൾ അതു ക്രമത്താലെ ഘനം കൂടി വീണു പൊയി —

ആയതു എല്ലാ രാജ്യക്കാരും അറിയെണ്ടതിന്നു വർത്തമാനക്കടലാസ്സുകളിൽ വിവരമായി വർണ്ണിച്ചെഴുതിയതിന്റെ ശെഷം ശാൾസ എന്ന പറീസിലെ ശാസ്ത്രി പട്ടു കൊണ്ട ഒരു ചെറിയ പന്ത ഉണ്ടാക്കി അരക്കു കഷായത്തിൽ ഗൊന്തു ചെർത്തു പുറമെ തെച്ചു ഉള്ളിൽ ജലവായു വെച്ചു നിറെച്ചു പറീസിൽനിന്നു പറപ്പിച്ചു (൧൭൮൩ ക്രിസ്താബ്ദം) — ആയതു ൪൫ വിനാഴികയകം ൩൦൦൦ അടി ഉയരം ഉള്ള മെഘങ്ങളിൽ കരെറി മറഞ്ഞു മില നാഴിക കഴിഞ്ഞ ശെഷം ൫ കാതം ദൂരത്തു ചെന്നു വീണു — അതിനാൽ ശാസ്ത്രികൾക്കു അല്പം സന്തൊഷം വന്നപ്പൊൾ പഴുതുകൾ എല്ലാം തീർച്ചയും സൂക്ഷിച്ചു കൂടുന്ന ഒരു തൊപ്പ അപെക്ഷിച്ച അപ്രകാരം ഒരുത്തൻ ഉണ്ടാക്കി ഒരു ചെറിയ വഞ്ചിമെൽ തെച്ചു ജലവായു വെച്ചു നിറെച്ചുടെ അപ്പൊൾ വന്നു വീട്ടിന്റെ അകത്തു നിന്നു യന്ത്രം ചൊട്ടു ചെന്നു മട്ടി ൧ മാസം വിഷാദപ്പെട്ടു — എന്നാൽ പെരിക്കപ്പാച്ചിയ വഞ്ചിയെ പുറത്തു കൊണ്ടുവന്നപ്പൊൾ അതിനെ കെട്ടിയ കയറ് അറെക്കപ്പൊൾ വന്നു മെല്പെട്ടു പറന്നു പൊയി മടങ്ങി വീണു കണ്ടതും ഇല്ല —


അതിന്നു മുമ്പിൽ ഒരു ജീവിയും പന്തൊടു കൂടെ ആകാശത്തിൽ കരെറി പൊയില്ല — അപ്പൊൾ മൊംഗൊൽഫ്യ ഫ്രാഞ്ചിരാജാവിന്റെ സന്തൊഷത്തിന്നായി ഒരു ദിവസം

ഒരൊട്ടകൊഴിവത്തിന്നു കുന്നിനെയും ഒരു കൊട്ടയിൽ ആക്കി പനൊതൊട്ടു ചെത്തു കെട്ടി പ
ലിശ്ശുന്നവരുന്നും പറിസപട്ടണത്തിന്ന ഒരു കാതം ദൂരെ വീണ ഹാനി ഒന്നും കൂടാതെ
വരികയും ചെയ്തു — വഴിയിൽ വെച്ചു കണ്ടതും ഗ്രഹിച്ചതും മാത്രം ഒന്നും അറിവാറായില്ല
— അതുകൊണ്ടു റൊശ്യർ എന്ന വിദ്വാൻ ഫലനം ചുരുങ്ങിയ ഒരു പാത്തിയെ പനൊതൊട്ടു ചെത്തു
കെട്ടി താൻ അതിൽ ഇരുന്നു മെല്ലപ്പട്ടു കയറുവാൻ തുനിഞ്ഞു — എങ്കിലും ൧൦൦ അടി ഉയര
ത്തിൽ അധികം കയറിക്കൂടാത എന്നു കല്പിക്കയാൽ കുറഞ്ഞൊരു നെരം പൊത്തു കയറു
വലിപ്പിച്ചതിനാൽ ഇറങ്ങി വരികയും ചെയ്തു — ഇതുവും പൊരാ എന്നു വെച്ചു റൊശ്യരും
ധൈൎയ്യമുള്ളൊരു പ്രഭുവും കൂടി പിന്നെയും പാത്തിയിൽ കയറി ഇരുന്നു പന്തിനെ
നിലത്തൊട്ടു ചെത്തു കെട്ടാതെ മെല്ലപ്പട്ടു പറപ്പിച്ചപ്പൊൾ — അവർ ഒരു നാഴികെ
ക്കുള്ളിൽ ശീതം അധികമുള്ള മാൎഗ്ഗത്തൊളം കരെറി കാററിനാൽ കിഴക്കൊട്ടു നടകാ
തം വഴിദൂരം ഒടി സുഖെന ഇറങ്ങി വരികയും ചെയ്തു —— ഇതു സാധിച്ചതു ൧൭൮൩ാ
ആമത് നവമ്പ്ര ൨൧ തിയ്യതിയിൽ തന്നെ —

## കെരളപഴമ

### ൬൭. മാനവെൽ രാജാവ കൾക്കുടെ ഒന്നാം
### രാജ്യാധികാരിയെ കെരളത്തിലെക്കു നിയൊഗിച്ചതു —

പശെക്കുസ്സവരസ് മുതലായവർ മടങ്ങി വന്നു കെരളവൎത്തമാനം അറിയിച്ചു കാൎയ്യബൊ
ധം വരുത്തിയപ്പൊൾ — മാനവെൽ രാജാവ് വിചാരിച്ചു കൊഴിക്കൊട്ടു മൂലസ്ഥാനമാ
യിട്ടു നടക്കുന്ന വക്കച്ചവടത്തിന്നു മൂന്നു ആശ്രയസ്ഥാനങ്ങൾ ഉണ്ടു എന്നു കണ്ടു മൂന്നിനെ
യും പിടിച്ചടക്കി മുസല്മാൻ കപ്പലൊട്ടം മിസ്രു കടലിൽ മുടക്കെണം എന്നു നിശ്ചയി
ച്ചു — ആയതു എന്തെന്നാൽ കൊഴിക്കൊട്ടിന്നു പടിഞ്ഞാറൊട്ടു പൊകുന്ന ചരക്കു
കൾക്കു രണ്ടു ദ്വാരമുപം ഒന്നു അറവിതെക്കു മുനയിലുള്ള അദൻ പാര — മറെറതു പാ
സ്സിക്കടൽ വായിലുള്ള ഹൊൎമ്മുജ് തുരുത്തി — യുരൊപയിൽ വരുന്ന സകല ഹിന്തുചി
ന ചരക്കുകളും ആ രണ്ടു വഴിയായിട്ടു തന്നെ ചിലതു അദനെ വിട്ടു ചെങ്കടലൂടെ അ
ലക്സന്ത്ര്യ നഗരത്തൊളവും ചിലതു ഹൊൎമ്മുജ് ബസറയിലും കൂടി ബെരുത്തൊളവും
മുസല്മാനർ കൊണ്ടുപൊന്നു വെച്ചു ആ രണ്ടു സ്ഥലങ്ങളിൽ വന്നു കൂടുന്ന വെനെത്യ
മുതലായ ഇതല്യ കപ്പക്കാൎക്കു തന്നെ വില്ക്കു കൊടുക്കും — ശെഷം കച്ചവട വഴി കൊ




ഴിക്കൊട്ടിനെ വിട്ടു ഈഴത്തിൻ വഴിയായി മലാക്കയിൽ ചെല്ലുക മലാക്കയിൽ വരുന്ന ചീനക്കാരൊടു ചരക്കുകളെ വാങ്ങി ചൊഴമണ്ഡലസിംഹളകൊരള മുതലായ ദെശങ്ങളിലും കൊണ്ടുപൊക — അതുകൊണ്ടു കൊഴിക്കൊട്ടിന്നു പടിഞ്ഞാറ് അദെൻ പട്ടണവും വടക്ക് ഹൊർമ്മുജും കിഴക്കു മലാക്കയും താമസം കൂടാതെ കൈക്കൽ ആക്കിയാൽ മുസല്മാനരുടെ കച്ചവടത്തിന്ന കലാപം വന്നുകൂടും എന്ന രാജസഭയിങ്കൽ തന്നെ തൊന്നി —

തങ്ങളുടെ ലാഭങ്ങൾക്കു നഷ്ടം വന്നു പൊകും എന്നു കണ്ടാറെ അറവികൾ മിസ്രയിൽ വാഴുന്ന സുല്ത്താൻ കാന്സ്സുവെ ചെന്നു കണ്ടു താമൂതിരിയിങ്കൽ പണം വെണ്ടുവൊളം അയച്ചുകൊള്ളും നിങ്ങൾ തൊക്കും പടക്കൊപ്പും അയച്ചു തന്നാൽ മക്കത്തിന്നുള്ള കച്ചവടം രക്ഷിച്ചു പറങ്കികളെ നീക്കെണമെ നിങ്ങൾ അല്ലൊ കാബത്തെ കാക്കുന്നവൻ എന്നു യാചിച്ചപ്പൊൾ — സുല്ത്താൻ യുദ്ധത്തിന്നായി ഒരുമ്പെട്ടു പറങ്കികൾ മക്കയാത്രെക്കു മുടക്കം വരുത്തുന്നവരല്ലൊ നാമൊ യരുശലെം യാത്രെക്കു മുടക്കം വരുത്താം പറങ്കികൾ വിരൊധം തീരുന്നില്ല എങ്കിൽ നാം യരുശലെമിലുള്ള ക്രൂശപള്ളിയെ നിലത്തൊടു സമമാക്കി ഈ നാടുകളിലെ സകല നസ്രാണികളെയും നിശ്ശെഷം [illegible] ചെയ്കും എന്ന ഭയപ്പെടുത്തി പാപ്പാസന്നിധാനത്തിൽ അറിയിച്ചു — അതുകൊണ്ടു പാപ്പാ മാനുവെൽ രാജാവൊടു ചൊദിച്ചതല്ലാതെ വെനെത്യക്കാർ തങ്ങളുടെ വ്യാപാരത്തിന്ന

ള്ളഹെതും വിചാരിച്ചു മാപ്പിള്ളമാൎക്കു ശ്രദ്ധമായി സഹായം അയച്ചു ശെഷം വെള്ളക്കാരും പൊൎത്തുഗീസരുടെ ശ്രീത്വം നിമിത്തം അസൂയ ഭാവിക്കയും ചെയ്തു—

അതുകൊണ്ടു മാനുവെൽ രാജാവ് മുസല്മാനരൊടു പൊൎത്തുടരെണ്ടതിന്നു ൨ കൂട്ടം കപ്പൽ ഒന്നു ചെങ്കടലിലെക്കും ഒന്നു കെരളത്തിലെക്കും ആകെ ൨൨ കപ്പലുകളെ അയച്ചു ഇവരെ നടത്തുവാൻ ഒരു കപ്പിത്താനും പൊരാ എന്നു കണ്ടു കെരളത്തിലെ വരങ്കികൾക്കു ഒന്നാം രാജ്യാധികാരിയായി ഫ്രാഞ്ചിസ്ക അൾമൈദ എന്ന വീരനെ നിയൊഗിച്ചു (൧൫൦൫ മാൎച്ച ൨൫) ഒരൊരൊ തുറമുഖങ്ങളെ കൈക്കലാക്കി കൊട്ടകളെ എടുപ്പിച്ചു വരങ്കിധൎമ്മത്തിന്റെ കീൎത്തിയും ക്രിസ്തസത്യവും പരത്തെണം എന്നു കല്പിച്ചു വിട്ടയക്കുകയും ചെയ്തു—

അൾമൈദ (സപ്ത. ൧൩) അഞ്ചുദ്വീപിൽ എത്തിയുടനെ രാജകല്പനപ്രകാരം കൊട്ടകെട്ടുവാൻ തുടങ്ങി—കണ്ണനൂർ കൊച്ചി കൊല്ലം ഇങ്ങനെ അഞ്ചുദ്വീപൊടു കൂടെ ൪ കൊട്ടകളെ കെട്ടിയതിന്റെ ശെഷം അത്രെ വിസൊരെയി (രാജസ്ഥാനത്തുള്ളവൻ) എന്ന പെർ ധരിപ്പാൻ അനുവാദം ഉണ്ടായിരുന്നു—അഞ്ചുദ്വീപിൽ മണ്ണു കിളെക്കുമ്പൊൾ ക്രൂശടയാളമുള്ള കല്ലുകൾ കണ്ടുകിട്ടിയതിനാൽ പണ്ടു ഇവിടെയും ക്രിസ്തവിശ്വാസികൾ ഉണ്ടായിരുന്നു എന്നു വരങ്കികൾക്കു തൊന്നി—പിന്നെ അൾമൈദ കൊങ്കണതീരത്തുള്ള മുസല്മാൻ കപ്പലുകളെ ഓടിച്ചും പിടിച്ചും കൊണ്ടിരിക്കുമ്പൊൾ അടുക്കെയുള്ള രാജാക്കന്മാർ ഭയപ്പെട്ടു വളരെ സ്നെഹവും ബഹുമാനവും കാട്ടിക്കൊണ്ടിരുന്നു—അഞ്ചുദ്വീപിന്റെ എതിരെ ഹള്ളിഗംഗയുടെ അഴിമുഖം ഉണ്ടു—ആ നദി തന്നെ മുസല്മാനരുടെ ദക്ഷിണരാജ്യത്തിന്നും ആനഗുന്തിരായരുടെ ഭൂമിക്കും അതിരായിരുന്നു—അഴിമുഖത്തു തന്നെ ചിന്താക്കൊല (ചിന്താക്കൊട-ചിന്താപൂർ) കുന്നും കൊട്ടയും ഉണ്ടു—ആയതിനെ ഗൊവയിൽ വാഴുന്ന സബായി വളരെ ഉറപ്പിച്ചപ്പൊൾ നരസിംഹരായരുടെ ഇടവാഴ്ചക്കാരനായ മെൽരാവും കടപ്പിടിക്കാർ പ്രമാണിയായ തിമ്മൊയ്യയും അതിനെ പിടിപ്പാൻ ഭാവിച്ചു മുസല്മാനരൊടു ആവതില്ല എന്നു കണ്ടുടനെ അൾമൈദയെ അഭയം പ്രാപിച്ചു കാലത്താലെ ൧൦൦൦ പ്രാഹൻ കപ്പം തരാം നിങ്ങൾ അത്രെ ഞങ്ങടെ അതിരിനെ രക്ഷിക്കെണം എന്ന അപെക്ഷിച്ചതുകൊണ്ടു അൾമൈദ ഹൊന്നാവരവാഴിയായ മെൽരാവിന്നു അധികാരം പിടിച്ചു സമാധാനം വരുത്തുകയും ചെയ്തു—

**F. Müller. Editor.**

# പശ്ചിമൊദയം

൧. നമ്പ്ര. തലശ്ശെരി ൧൮൫൦ ജനുവരി


## കെരളപഴമ.

### ൧൫൨൫ കൊഴിക്കൊട്ടിൽ പുതിയ കുഡുവട്ടങ്ങൾ

൧൫൨൫ ജനുവരി മെനെസസ് മലയാളത്തിൽ എത്തിയപ്പൊൾ എവിടത്തും പടെക്കു കൊപ്പിടുന്നതു കാണ്കയും കടല്പിടിക്കാരുടെ അതിക്രമം കെട്ടും കൊണ്ടു അതിശയിച്ചു വിചാരിച്ചപ്പൊൾ പറങ്കികൾ കടൽവഴിയായി ചെറിയ ഉപദ്രവങ്ങൾ ചെയ്കയാൽ ഒന്നാകെ പൊറുപ്പാൻ ആവതല്ലാഞ്ഞു യുദ്ധഭാവം മുഴുത്തു വന്നു എന്നറിഞ്ഞു വിസൊറെയി കൊഴിക്കൊട്ടിൽ ഉറെച്ചു ഒരു കെരം താമൂതിരി മനസ്സിലാക്കുന്നു എന്നും അനന്തരവൻ വാഴ്ച തുടങ്ങിയതു തന്നെ പ്രജകളുടെ സങ്കടങ്ങളെ വിചാരിച്ചു പറങ്കികളുടെ ഡംഭത്തിന്നു പ്രതിക്രിയ ചെയ്യും എന്നുള്ള പ്രകാരം കല്പിച്ചു എന്നും കെട്ടു വിഷാദിക്കയും ചെയ്തു — വിസൊറെയുടെ മന്ത്രികളിൽ കാസ്ത്രൊ എന്നവൻ ഒരു നാൾ കൊട്ടയെ വിട്ടു കൊഴിക്കൊട്ടങ്ങാടിയിലെക്കാ ള്ളാൻ പൊയപ്പൊൾ മിലാവിട്ടികക്കാരും മറ്റും ശകാരിച്ചു തുടങ്ങി അവൻ വിൻവാങ്ങി പൊകുമ്പൊൾ കല്ലെറിഞ്ഞു ചില വണിക്കാരെ മുറിയെല്പിച്ചും പട്ടിണശ്ശാലകളെ ഭെദിച്ചും അങ്ങൾ എതിർക്കാരും പിന്തുടൎന്നു കൊട്ടക്കുളം ചാടിവരികയും ചെയ്തു — എങ്ങിനെ എങ്കിലും പടതുടങ്ങരുത എന്നു വിസൊറെയി വിചാരിച്ചു ഒന്നാം കൂട്ടക്കാരെ സകല കപ്പലൊടും കൂടെ കൊച്ചിക്കൊടി സന്നാഹമാക്കുകയും ചെയ്തു — അപ്പൊൾ മാപ്പിള്ളമാർ ധൈൎയ്യം മുഴുത്തു കൊച്ചിപ്പുഴക്കിൽ കൂടെ പ്രവെശിച്ചു പടക്കുകളെ തട്ടിക്കയറി അഞ്ചു പറങ്കികളെ കൊന്നും കൊണ്ടൊടിക്കളകയും ചെയ്തു — അതിനെയും മെനെസസ് കരുതാതെ തമിക്ക വാറും കപ്പലുകളെ കൂട്ടിക്കൊണ്ടും ഹൊൎമ്മുജിൽ ഒടി മലയാളത്തിരത്തിലെ വിചാരണയെ സഹൊദരനിൽ എല്പിച്ചു വിടുകയും ചെയ്തു — അന്നു കൊഴിക്കൊട്ടു കൊട്ടയിൽ ഉള്ളവാൻ ലിമ എന്ന ഒരു ശൂരൻ പ്രധാനിയാകുന്നു അവൻ മാപ്പിള്ളമാർ പുഴതൊറും പടെക്കാവട്ടം കൂടി പടക്കുകൾ ഒരുങ്ങുന്നതല്ലാതെ മക്കാത്തനാക്കനെട്ടു പട

കല്പിക്ക കൊടുത്തിരിക്കയുമ്മു പൊകുന്നവരെങ്ങളെ കെട്ടുമെന്നെ സന്തൊഷിപ്പി
ച്ചപ്പൊൾ ഞ്ഞാൻ അവന്റെ അടുത്തില്ലായ്മെക്കൊണ്ടു അയച്ചതുമില്ല ൧൭൭൮ മെടം
മാസത്തിൽ തൊപ്പിക്കാരെ കൂട്ടി യാഹിദരെയും പടക്കാരെയും ഒക്കെ തിരിഞ്ഞ
ല്പത്തഞ്ചിന്ന ചങ്ങാതമാക്കിട്ടു അറവിലെക്കു അയച്ചു. ശെഷം ഏന്നാപെടെ
ക്കാട്ടും കൂടെ കൊഴിക്കൊട്ടു കൊട്ടയുടെ ത്തുക്കിൽ വന്ന വെടിവെപ്പാൻ തുടങ്ങുകയും
ചെയ്തു— അവന്റെ ചെതപ്പെട്ടു ത്തന്നിക്കു അപ്പൊൾ മിമതാമ്മത്തിലെയൊട്ടു ഇത്
എന്നൊരു ത്തനെ രാജവക ഒട്ടിപ്പിട ചൊദ്യം മാഹന്ന വൊട്ടിച്ചപ്പൊൾ നല്ല
ഉത്തരം ഒന്നും ഉണ്ടായില്ല— ഒരു നായർ വന്ന മിമയെ കുത്തികൊല്ലുവാൻ
ഭാവിച്ചതു വെറുതെയായപ്പൊൾ പരപ്പനങ്ങാടിയിൽ ഏറ്റവും കിട്ടികളെയും
താമ്പിത്തിക്കയച്ചു രണ്ടുമൂന്നുനാളെയും മാപ്പിളമാർ ചതിച്ചുകൊന്നു— അവ
കയിനൊയും നിഴ്ശ്ശെ വാൻ മിമെക്കു വിചാരെത്തിൽ കുല്ലുന്നതിനും എങ്കെ
ദെശം മനസ്സായതെ രംഗിയായൊ അന്തർ ക്രിസ്ത്യാനിക്കാരെങ്ങൾ വാരിച്ചു
പൊകുന്ന സംഗതിയായാൽ തന്റെ വരുടെ കെയ്യീക്കാർ പട്ടാളം അവരെ കൊണ്ടു
വന്നു— അതിനാൽ പട്ടണം നരശെഷം കാലങ്ങളിലായാണ് കാലബ്ബാഷ്ക്കൊട്ട്
അതിക്രമിച്ചു വരായപ്പൊൾ താമ്പിത്തിയിൽ ദിവസം താമസിച്ചാരെ അന്നു
വെന്റെ ഭാഗ്യ ചുറ്റുമുള്ളവരൊക്കെയും ചെന്നൻ നാട്ടിലെക്ക് ഏന്നാ സ്ഥാനം
തിരിച്ചു ചുറ്റത്തിൽ സെവിച്ചു നായന്മാർ മിമയെ കാണ്മാൻ വന്ന മുട്ടുകുത്തി
ക്കാ മൊഴിച്ചുരാജാവെന്നയാൽ പാറക്കിഴ്കെ തത്തിൽ നിന്നു ഒഴിഞ്ഞു നില്ക്കയും
ചെയ്തു— കൊട്ടയുടെ നെരെ പടയൊന്നുണ്ടായില്ല താനും— ചൊനകർ മുമ്പെ
തന്നെ കൊട്ടുങ്ങല്ലൂരിലെ നസ്രാണിക്കുള്ളൊരു ഗ്രന്ഥിപ്പാൻ ഉള്ള ഉപായം വിചാ
രിച്ചുകൊണ്ടു കുറ്റഭയം മറെച്ചുവച്ചു— അതുകൊണ്ടാണ് എന്നാൽ മാപ്പിളമാർ
മുമ്പെ മുളക്കുക്കില്ലെമ്പൊൾ നല്ലവണ്ണം ഉണ്ടായതെ കണ്ടും മണൽ കൂടെ
വച്ചും കൊടുക്കയാൽ ശവന്റെ അവരെന്തിക്ക കച്ചവടവിചാരണ ഒക്ക
യും സുറിയാനിക്കാരിൽ വെല്ലിച്ചിരുന്ന അതുകൊണ്ടത്രെ അവരിൽ വൈരം ഭാവിച്ചത്—

൬൯., ഗാമ മൂന്നാമത്തും മലയാളത്തിൽ വന്നത്—

ഇങ്ങിനെ ഇരിക്കുമ്പൊൾ വൃദ്ധനായ ഗാമ തന്നെ വിസൊറെയ്സ്ഥാനം ഏ

ഒല്ലന്ത്രഡിവ്ലൂസെ ഫ്ര്യ ഗൊവെക്കു വന്നു കടല്പിടിക്കാരെ രക്ഷിപ്പിടത്തും ഒട്ടുക്ക
വാനം കാൎക്കിക്കും വരുത്തുവാനും പക്ഷിമാക്കാരെ നിയൊഗിച്ചു കണ്ണനൂൎക്കെ
ഭൊകൊലത്തിരിയെ കണ്ടു നിങ്ങൾ പുബാലഹസ്സാൻ എന്ന കള്ളനെ ഉടനെ ഏ
ല്പിക്കെണം എന്നു ചൊദിച്ചു ഭയം വരുത്തി അനുസരിപ്പിച്ചു അക്കള്ളൻ
ത്തപ്പനെ കണ്ണനൂർ കൊട്ടയിൽ അടച്ചുവെച്ചു പൊയി ക്രമം കൊണ്ടു കൊച്ചി
യിൽ എത്തുകയും ചെയ്തു — പറങ്കിവീരന്മാർ മുമ്പെ തന്നെ വന്ന പ്രകാരം
കൊട്ടയെ നാട്ടുതൊറും അതിഭയം ഉണ്ടായി — എങ്കിലും പറങ്കിക്കൾ കൂടനൃപ
മിതനിൽ പ്രസാദം കൂടെ ഒണ്ടെരുന്നു — അവൻ ദയ അറിയാത്തവനെ ഭാ
വമുള്ളവൻ എന്നു പ്രസിദ്ധം തന്നെ — ഗൊവയിൽ ഒരുത്ത സ്ത്രീയെ ക
ട്ടുണ്ടായിരുന്നു — ഇരുവകളെയും വെണ്ടാത്ത സ്ത്രീയെ കണ്ടിട്ടിലെ കൈക
ഷാസ്ത്രിക്ക് വ്യാധി ഉണ്ടാവു എന്നു ഗാമയുടെ പക്ഷം — അതുകൊണ്ടു പറങ്കി
കൾ പൊയാറും ഇവിടെ രക്ഷയില്ലായ്മ ഉണ്ടായി പെണ്ണുങ്ങളെ പടിക്കു അത്ര എന്ന
വെച്ചു കൊട്ടകളിൽ നിന്നു ഒടിപ്പൊഴ മണ്ഡലത്തും മറ്റും വാങ്ങിച്ചിലർ ചൊല്ലി
ൽ ക്രിയ പൊകയും ചെയ്തു — ഗാമ എത്തും പൊൾ തന്നെ രെഗിയാക്കാരെയും കൊ
ഴിക്കൊട്ടെക്ക് സ്വസ്ഥ ധനങ്ങളുമായി ഇരുന്നെപ്പൊൾ അയച്ചു അവനെ കൊ
ണ്ടു കടിയാലിയെ ഏല്പിച്ചു — കൊച്ചു കാട്ടു നിന്നു സസ അവനൊടു ഏറ്റു പന്ത
ലാനിക്കൊല്ലത്തൊളം നിക്ക്യശേഷം പിറെ ദിവസം കണ്ണനൂർ വരെ കൂടി
യപ്പൊൾ ചൊനകർ അവിടെ കരെക്കാനെ ഞങ്ങ പടകു എല്ലാം വിട്ടു പൊകയും
ചെയ്തു — ആ യാത്ര കണ്ടാറെ കണ്ണനൂർ മാപ്പിള്ള മാരും അടങ്ങി കൊലത്തിരി
യു ദുഃവിചാരം ഉപെക്ഷിച്ചു കൊട്ടയിലുള്ള പറങ്കിക്കൾ സന്മാനവും കുശലവാ
ക്കും അയപ്പിച്ചു കൊടുത്തു — ഗൊവയുടെ ത്രക്കിൽ ഞൊണ്ട തെല്ല്യ എന്നൊരു
യുവാവു ഷിനാക്കട്ടിയാലി കൊടു എറ്റു ഞെക്കിക്കയും ചെയ്തു — അതുകൊണ്ടു കൊ
ഴിക്കൊട്ടു കൊട്ടകരിക്കിൽ പൊർ ഒട്ടും ഉണ്ടായില്ല — മെനെസസ് ഹൊദ്രി
ഞ്ഞെ വിട്ടു ദശമ്പ്രിൽ കൊച്ചിയിൽ എത്തിയാറെ ഗാമയുടെ രൊഗം കണ്ടു കാൎക്കു
വിചാരം അവനിൽ ഏല്പിപ്പാൻ മനസ്സില്ലാഞ്ഞിട്ടും ഗാമ അവനെ നിശ്ചയി
ച്ചനുസരിപ്പിച്ചു ഞാൻ മരിച്ചാൽ രാജമുദ്രയുള്ള പത്രം അഴിച്ചു വായിച്ചു നട

ത്തേണം എന്നു സമ്പാളുകാർ ത്താനൊട്ടു കല്പിച്ചു പള്ളികൾക്കു ദ്രവ്യപ്രകാരം അ
ന്ത്യാളിയെ ഷെകംവൊളം ൧൮൫൪. ദശമ്പ്ര. ൨൯. ൲ മരിക്കയും ചെയ്തു — കൊച്ചി വ
ലിയ പള്ളിയിൽ അവന്റെ ശവം സംസ്കരിച്ചു ശേഷം മകനും മെനെസനും ത
മ്മിൽ വൈരം ഭാവിച്ചു പാറക്കാരിൽ വച്ചു ഉണ്ടായിരുന്ന ക്ലേശം കുറെപ്പാൻ ഭാവി
ച്ചപ്പോൾ സമ്പാളുകാർ പ്രയത്നം ചെയ്തു — രണ്ടു വകക്കാരെയും പൊരുത്ത
പ്പെടുത്തി സമാധാനം രക്ഷിച്ചു — രാജ്ഞ പത്രം തുറന്നു നൊക്കിയാറെ മകൻ അവ
കാശം വന്നിരിക്കുന്നിൽ മെനെസസ് കുഡുംബത്തിൽ ഹെന്ത്രി എന്നവൻ തന്നെ വിസൊ
റയിന്ന്യ ആക എന്നു കണ്ടപ്പോൾ എപ്പൊൾ മെനെസസ് പ്രഭുക്കന്മാർ വന്നു
പൊത്തുഗാലിന്ന് മാറുപുറപ്പെട്ടു പൊക്കി കൊച്ചിക്കിലുള്ള പാറക്കാർക്കു
ന്തും ചിലർക്കും ഉപദ്രവങ്ങളെയും ചെയ്തു —

# ഭൂമിശാസ്ത്രം

## ൩൧. തെക്കപടിഞ്ഞാറെ ആസ്യ (തുടർച്ച)

അറവി അർദ്ധദ്വീപിൽ പറവാൻ തക്ക ഒരു നദികളും ഇല്ല — പർവ്വതങ്ങളുടെ
അവസ്ഥയൊ കിഴക്കും തെക്കും പടിഞ്ഞാറും അതിരുകളിലെ കടപ്പുറ സമീ
പം ഏകദേശം കുറഞ്ഞ തടമലകൾ നില്ക്കുന്ന പ്രകാരമെ അറിയുന്നുള്ളു — നദികൾ
ഇല്ലായ്കകൊണ്ടു ദെശം മിക്കവാറും വറണ്ടുകിടക്കുന്നു — വനമൊ മരങ്ങളൊ കാണ്മാ
നില്ല കൃഷിവാണിഭം മുതലായ തൊഴിലുകളിൽ രസം തൊന്നായ്കയാൽ ഗ്രാമ
സ്ഥാനങ്ങളെയും ജനപുഷ്ടി ഏറിയ നഗരങ്ങളെയും അവിടെ അപൂർവ്വമായി കാ
ണും — പ്രജ്ഞാഭാവം ദെശാകൃതി അവിടെ നിന്നു ആവിർഭവിച്ചുവന്ന മുസല്മാന്മാരും
ഈ മൂന്നും തമ്മിൽ ഒത്തുവരുന്നു — നിവാസികൾ ബദവിയം പണ്ടുപണ്ടെ അവിടെ വ
സിച്ചുവരുന്ന അറവി ഗൊത്രങ്ങളും — കാലക്രമേണ അതൊട്ടു ചെന്നു കൂടിയെ
റിയിരിക്കുന്ന യഹൂദന്മാരും — പല കാഫ്രികളും തന്നെ — സർവ്വനിവാസികളുടെ എ
ണ്ണം ഏകദേശം ഒരു കോടിയിൽ പരം ഒരു ലക്ഷം — അറവി അർദ്ധദ്വീപിൽ മി
ന്നാരവും ഉറപ്പുമുള്ള രാജ്യങ്ങൾ ഉണ്ടെന്നു കേവലം പറഞ്ഞുകൂടാ — മിക്കവാറും
ദിക്കുകളിൽ നിവാസികൾ താന്താങ്ങടെ ശിഖരെയും എമീർമാരെയും അനുസ
രിച്ചു നടക്കുന്നു — മിസ്രപാഷാവിന്നും റൂമിസുല്ത്താന്നും ചില അംശങ്ങളിൽ മെ

ൽകൊയ്മസ്ഥാനം ഉണ്ടെങ്കിലും അവിടത്തെ ഷെയിഖന്മാർ സ്വൈരമായി വാണു
കൊള്ളുവാൻ തടവു ഒന്നും ഇല്ല- തെക്കും കിഴക്കും ഉള്ള അംശങ്ങളിൽ മാത്രമെ
ൽകൊയ്മ ഇല്ലാത്ത ചില സംസ്ഥാനങ്ങൾ ഉണ്ടു- നടുവംശത്തിൽ ഏകദെ
ശം ൧൭൦൦ാം ക്രി- അ. വഹബ്യർ എന്ന ഒരു പുതിയ മുസല്മാൻ പക്ഷം ഉദിച്ചു
കുറാനിൽ എഴുതി കിടക്കുന്നതല്ലാതെ കണ്ടു ഒന്നും പ്രമാണിക്കെണ്ടതല്ലെ
ന്നും പ്രപഞ്ചകാര്യങ്ങളിൽ നബിക്ക് അധികാരം ഏതും ഇല്ലെന്നും ഉപദേശി
ച്ചു ക്രുദ്ധം ക്രമെണ ചുറ്റുമുള്ള നാടുകളെ അതിക്രമിച്ചടക്കി മദീനാ നഗരങ്ങളെ
യും കൈക്കൽ ആക്കി മിസ്രനാടും പിടിച്ചടക്കുവാൻ ഭാവിച്ചപ്പോൾ മുഹമ്മ
ദ് അലിപാഷാ സൈന്യങ്ങളെ ചേർത്തു പുറപ്പെട്ടു ൧൮൧൨ാം ക്രി. അ. അവ
രോടു പൊരുതു ജയിച്ചു തന്റെ പുത്രനായ ഇബ്രാഹിം പാഷാവെക്കൊണ്ടു
അവരെ മക്ക മദീനാ മുതലായ നഗരങ്ങളിൽ നിന്നു ആട്ടിക്കളയിച്ചു ൧൮൧൮ാം
ക്രി- അ- അവരുടെ പ്രധാനപട്ടണമായ ദ്രിയ്യാ കൈക്കൽ ആക്കി നശിപ്പി
ച്ചു പുത്രമതക്കാരെ മിക്കവാറും നിഗ്രഹിക്കയും ചെയ്തു- അന്നതൊട്ടു നജ്ദ്
അംശത്തിന്റെ അവസ്ഥ എങ്ങിനെ എന്നറിയുന്നില്ല—

പടിഞ്ഞാറെ അംശം ചെങ്കടലിന്റെ കിഴക്കെ കടപ്പുറം ആകുന്നു അതി
ന്റെ വടക്കെ പാതിക്ക ഹെജാസ് എന്ന പെർ- മക്ക മദീനാ നഗരങ്ങൾ അതി
ൽ ഇരിക്ക കൊണ്ടു ആ നാടു തന്നെ സർവ്വ മുസല്മാനർക്കും മുഖ്യം- എല്ലാ ഖണ്ഡങ്ങ
ളിൽനിന്നും കൊല്ലം തോറും എറിയ നബിസെവികൾ ആയിരക്കണക്കായി
ഭക്തിയൊടെ മുഹമ്മതിന്റെ ജന്മപട്ടണമാകും മക്കത്തും അവന്റെ
അസ്ഥികളെ സൂക്ഷിച്ചുവെച്ച മദീനത്തിലും ഉള്ള ഓരൊ സെവിപ്പാനും
വിശുദ്ധ വിശെഷങ്ങളെ കാണ്മാനും ചെല്ലുമാറുണ്ടു- ആ സംഗതിയാൽ അ
വിടെ നടന്നുവരുന്ന കച്ചവടം അല്പം അല്ല- നിവാസികളുടെ സംഖ്യ മക്ക
ത്തു ൬൦൦൦൦- മദീനത്തിൽ ൨൦൦൦൦ അത്രെ- തെക്കെ പാതിക്ക യെമൻ- എന്ന
പെർ- അതിൽ മുഖ്യസ്ഥലം ബാബൽമന്തബ് എന്ന ഇടുക്കിന്റെ സമീ
പമുള്ള മൊഖാ പട്ടണം ൫൦൦൦ നിവാസികൾ അവരുടെ മുഖ്യപ്രവൃത്തി കാ
പ്പിക്കച്ചവടം ഇങ്ക്ലിഷ്കാർ പിടിച്ചടക്കിയ അദെൻ എന്ന കടപ്പുറത്തുള്ള

ഒരുപാറയത്രെ ആകുന്നു— തെക്കിഴക്കെ അംശത്തെ ഹദ്രമൌത്തെന്നും ഒമൻ എന്നും പെരുകൾ ഉണ്ടു— അതിൽ മിക്കതും മസ്കത്ത്നഗരത്തിൽ വസിച്ചുവരുന്ന ഇമാമിന്റെ സ്വാധീനത്തിൽ ഇരിക്കുന്നു— പാൎസ്യ ഉൾക്കടലിലെ ഹൊൎമ്മുസ്സ് മുതലായ ചില തുരുത്തികളും ഇറാൻദെശത്തിന്റെ തെക്കെ കടപ്പുറത്തെ ചിയ അംശങ്ങളും ആഫ്രിക്കാഖണ്ഡത്തിന്റെ കിഴക്കെ കടപ്പുറത്തെ ചിയ ദെശങ്ങളും തുരുത്തികളും അവന്റെ രാജ്യത്തിൽ അടങ്ങിയിരിക്കുന്നു— കിഴക്കെ അംശമായ ലാസാ എന്ന പാൎസ്യ ഉൾക്കടൽപുറത്ത് അറവിക്കടൽക്കള്ളന്മാരുടെ വാസം ആകുന്നു— അതിന്നടുത്ത ബാഹറൈൻ തുരുത്തികളിലെ മുഖ്യമായ ഉല്പത്തി മുത്തുച്ചിപ്പി തന്നെ—

F. Muller. Editor.

4.

Archivfilm
vorhanden

4.-

„Indische Zeitung." v. J. Lahn Relalag

# പശ്ചിമോദയം

നമ്പ്രുകൾ ൧൨ | | ൨ പൈസ വില
---|---|---
൧ാം നമ്പ്ര | തലശ്ശേരി | ൧൮൪൭. ഒക്തൊ

വെളിച്ചം പൂൎവ്വദിക്കിൽനിന്നു മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നത്കൊണ്ടു ആ-
തന്നെ - ഈ കേരളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്ക അധീനമായി വന്നതിനാലൊ
നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്നു ഇങ്ങൊട്ടു ക
വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു - ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും
കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു - രണ്ടു വകെക്കും തമ്മിൽ വളരെ ഭേദം ഉ
താനും - പരമാത്മാ ജീവാത്മാക്കളുടെ ഉള്ള മതൊപദേശങ്ങളെ ധ്യാനിച്ചു ഒരൊന്നു
ഒരുണ്ടാക്കിയിരിക്കുന്ന പ്ലൊകങ്ങളെ ഉപമെച്ചു വിദ്വാന്മാരെ അറിയിപ്പിക്കുന്നത് ശാസ്ത്രജ്ഞാ
ത്തിൽ മൎയ്യാദ തന്നെ - കാലദെശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളു
ഉപകാരത്തിനായി ഗദ്യമായി പറയുന്നതു വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണം മ
ഈ വകയായിപ്പൊൾ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തൊറും വിലാ
ശാസ്ത്രങ്ങളിൽനിന്നു പറയുന്നത് ഒരൊന്നു എടുത്തു ഇങ്ക്ലിഷിൽ കാണിച്ചു മാതിരിയെ
മലയാളികൾക്ക തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ള
ൎക്കു അയക്കുകയും ചെയ്യും - വില ഒരു വൎഷത്തിന്നു അരരൂപിക -

## ജ്യോതിഷവിദ്യ

൧ ശാസ്ത്രങ്ങളിലും നമ്മുടെ കൎമ്മജ്ഞാനങ്ങളിലും പ്രധാനമാകുന്നതു എന്നു ഈ രാജ്യക്കാർ
പലരും പറയുന്നു - ജ്യോതിഷം എന്നതു വെളിച്ചം തന്നെ - ജ്യോതിഷം മൊക്കണ്ണാലെ കാണ
ന്നു ഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു - അതല്ലാതെ

സൎവ്വലാവണ്യം നല്കും താരകാധിപൻ നൂനം
സൎവ്വശൊകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കെൾക്കുന്നതു പൊലെ പണ്ടു പല രാജ്യക്കാരും ഒരൊ ദൈവങ്ങൾ എന്നൊ
ങ്ങൾ മനുഷ്യൎക്ക വരുന്നത് നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിശ്ചയിച്ച